# ഗവ. എൽ. പി. എസ്
# കുഴയ്ക്കാട്

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-2026

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘു ചിത്രം.
4. വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ-വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ- ഒററനോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ

   (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിട്ടറിംഗ്
11. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : ഗവ.എൽ.പി.എസ് കുഴയ്ക്കാട് |
| | വിലാസം | : പന്നിയോട് പി.ഒ, പന്നിയോട് (വഴി) തിരുവനന്തപുരം 695575 |
| | ഫോൺ | : 0471-2896133 |
| 2. | സ്കൂൾ കോഡ് | : 44312 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : കാട്ടാക്കട |
| 4. | വിദ്യാഭ്യാസ ജില്ല | : നെയ്യാറ്റിൻകര |
| 5. | റവന്യു ജില്ല | : തിരുവനന്തപുരം |
| 6. | ബി.ആർ.സി | : കാട്ടാക്കട |
| 7. | സി.ആർ.സി | : പരുത്തിപ്പള്ളി |
| 8. | ഗ്രാമപഞ്ചായത്ത് | : പൂവച്ചൽ |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : വെള്ളനാട് |
| 10. | ജില്ലാ പഞ്ചായത്ത് | : തിരുവനന്തപുരം |
| 11. | നിയമസഭാമണ്ഡലം | : കാട്ടാക്കട |
| 12. | ലോകസഭാമണ്ഡലം | : അരുവിക്കര |
| 13. | താലൂക്ക് | : കാട്ടാക്കട |
| 14. | വില്ലേജ് | : വീരണകാവ് |
| 15. | ഇ-മെയിൽ | : glpskuzhakkad@gmail.com |

## ആമുഖം

പൂവച്ചൽ പഞ്ചായത്തിൽ തികച്ചും ഗ്രാമീണ അന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്ന സ്കൂളാണ് ഗവ.എൽ.പി.എസ് കുഴയ്ക്കാട്. കൃഷിക്ക് മുൻതൂക്കം നൽകിയിരുന്ന സ്ഥലമായിരുന്നു ഇത്. നെൽവയലുകളാൽ സമ്പന്നമായൊരു ഭൂപ്രദേശം. പറമ്പുകൾക്ക് പ്രാധാന്യം നൽകിയിരുന്നതിനാൽ ഈ പ്രദേശത്തിന് പറമ്പിൻമേൽകോണം എന്ന പേര് കൈവന്നു. ഈ പ്രദേശത്തെ ജനങ്ങളുടെ ആവശ്യപ്രകാരം മുരുക്കുംതല സ്കൂൾ നിലവിൽ വരുകയും ഗ്രാമപഞ്ചായത്തിന്റെ തലവനായ ശങ്കരമംഗലത്തിൽ ശ്രീ.ശങ്കരൻനായരുടെ നേതൃത്വത്തിൽ വാർഡ് വിഭജനം നടന്നപ്പോൾ മുരുക്കുംതല എന്ന പേര് കുഴയ്ക്കാട് എന്ന് മാറ്റപ്പെടുകയും ചെയ്തു. ഈ പ്രദേശത്തെ അനവധിയായ കാവും കുളവും കാടും കുഴയ്ക്കാട് എന്ന പേര് വരാൻ മറ്റൊരു കാരണമായി.

സാംസ്കാരിക പാരമ്പര്യം വിളിച്ചോതുന്ന അനവധിയായ പാറകൾ ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. പണ്ട് നാട് ഭരിച്ചിരുന്ന രാജാക്കന്മാരുടെ ഒളിസങ്കേതമായിരുന്ന അമ്മച്ചിപ്പാറയും അതിനകത്തൊരു ഗുഹയും ഇന്നും നമുക്ക് കാണാനാകും. പുരാണത്തിലെ ഹനുമാന്റെ കാൽപാടും ചങ്ങല വലിച്ച പാടും ഒരു വലിയ പാറയ്ക്ക് ഒരു ചെറിയ പാറ അടവച്ചിരിക്കുന്നതുമായ അട്ടിവച്ചപാറ നമ്മെ ഏവരെയും അമ്പരപ്പിക്കും. പണ്ട് ഗിരിവർഗ്ഗക്കാർ ഭൂതങ്ങളെ ആവാഹിച്ച് പൂജ നടത്തിയിരുന്ന പൂതപ്പാറയും ഈ പ്രദേശത്തിന്റെ മാറ്റ് കൂട്ടുന്നു. കൂടാതെ വീരണകാവിലെ ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിലേക്കുള്ള യാത്രാമധ്യേ പരമശിവനും പാർവ്വതിയും വിശ്രമിച്ച ശാസ്താംപാറയും ഈ പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്.

കൂടാതെ കാക്കാരിശ്ശി നാടകം, വില്ലിടിച്ചാൻ പാട്ട്, കമ്പടികളി തുടങ്ങിയവയിൽ പ്രാവീണ്യം നേടിയിരുന്ന കാക്കാരാശ്ശാൻ എന്ന ഗോപാലകൃഷ്ണനും നാടകം, തെയ്യം, തിരുവാതിരക്കളി തുടങ്ങിയവയുടെ ആശാനായ ഷൺമുഖൻ ആശ്ശാരിയും ഈ നാടിന്റെ സാംസ്കാരിക പാരമ്പര്യം പുറം ലോകത്തെ അറിയിച്ചവരാണ്. സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന ശ്രീ.രാഘവൻപിള്ളയും ഈ നാടിന്റെ അഭിമാനം തന്നെയാണ്.

# ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കുക.
3. എൽ.കെ.ജി മുതൽ 4 ക്ലാസ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടർ രൂപപ്പെടുത്തൽ.
4. അദ്ധ്യാപകനും അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയത്തിന്റെ ലഘുചിത്രം

തിരുവനന്തപുരം ജില്ലയിൽ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ കോവിൽവിള വാർഡിൽ സ്ഥിതിചെയ്യുന്ന കുഴയ്ക്കാട് ഗവ.എൽ.പി.സ്കൂൾ 1947 ജനുവരി 1-ന് സ്ഥാപിതമായി. ബസ് സൗകര്യം കുറവായിരുന്ന അക്കാലത്ത് വിദ്യാഭ്യാസത്തിനായി പൂവച്ചൽ, വീരണകാവ് സ്കൂളുകളെ ആശ്രയിക്കേണ്ടി വന്നിരുന്ന നാട്ടുകാർക്ക് വലിയൊരാശ്വാസമായിരുന്നു ഈ സ്കൂളിന്റെ സ്ഥാപനം. തദ്ദേശവാസികയായ ശ്രീ.ദാമോദരൻ നായരുടെ വീടിനോട് ചേർന്നുള്ള മുറിയിലാണ് തുടക്കത്തിൽ ക്ലാസുകൾ നടത്തിയിരുന്നത്. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള കുട്ടികളായിരുന്നു കൂടുതലും. ഉൾപ്രദേശമായിരുന്നതിനാൽ വീടുകളുടെ എണ്ണവും കുറവായിരുന്നു. കുറച്ചു വർഷങ്ങൾക്കുശേഷം പൂവച്ചൽ ഗ്രാമപഞ്ചായത്ത് പ്രഡിഡന്റായി അനേകവർഷം പ്രവർത്തിച്ചിരുന്ന ശ്രീ.ശങ്കരൻനായർ സ്കൂളിനായി 50സെന്റ് സ്ഥലം നൽകുകയും 4 മുറികളുള്ള ഒരു ഓലകെട്ടിടം നിർമ്മിച്ച് സ്കൂൾ ഇപ്പോഴിരിക്കുന്ന സ്ഥലത്തേക്ക് മാറ്റുകയും ചെയ്തു. തുടർന്ന് ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ DPEP, SSA തുടങ്ങിയവയുടെ ശ്രമഫലമായി ഭംഗിയായി സജ്ജീകരിച്ച ടൈൽസ് പാകിയ അഞ്ചുമുറികളുള്ള ഓടിട്ട കെട്ടിടവും രണ്ട് മുറികളുള്ള ഭകാൺക്രീറ്റ് കെട്ടിടവും ലഭിച്ചു. പ്രീ-പ്രൈമറി മുതൽ 4-ാം ക്ലാസ്സുവരെയായി.

25 കുട്ടികൾ ഈ അദ്ധ്യയനവർഷം ഇവിടെ പഠിക്കുന്നു. ഇപ്പോഴും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരും പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരുമാണ് കുട്ടികളിൽ അധികവും.

## വിദ്യാലയം മികവിന്റെ കേന്ദ്രം

1. മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്ക്കാരിക പ്രവർത്തനമാണ് എന്ന പൗലോ ഫ്രെയറുടെ സിദ്ധാന്തത്തെയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കി പണിയുക.
2. പാഠ-പാഠ്യേനുബന്ധ പ്രവർത്തനങ്ങളിൽ സജീവതാല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം ശ്രദ്ധിക്കൽ.
3. ശുചിത്വം ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
4. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
5. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

## പദ്ധതി രുപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

1. എസ്.ആർ.ജി യോഗത്തിൽ കുഴയ്ക്കാട് സ്കൂൾ ഇനിവരും വർഷങ്ങളിലുള്ള വികസന കാഴ്ചപ്പാട് അവതരിപ്പിക്കുകലും, ചർച്ചയും .
2. വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം അക്കാദമികം-സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപ രേഖ തയ്യാറാക്കൽ.
3. കരട് രൂപരേഖ എസ്.ആർ.ജി.യിൽ അവതരിപ്പിച്ച് വീണ്ടും നിർദേശങ്ങൾ ഉൾക്കൊള്ളിക്കുന്നു.
4. എസ്.എം.സി, പി.റ്റി.എ, എം.പി.റ്റി.എ എന്നിവ മുമ്പാകെ കരട് രൂപരേഖ അവതരിപ്പിക്കുന്നു. നിർദേശങ്ങൾ കൂട്ടിച്ചേർക്കുന്നു.

### നിലവിലെ അവസ്ഥാ വിശകലനം

എ. ഭൗതികം- നേട്ടങ്ങൾ.

5 മുറികൾ ഉള്ള ഓടിട്ട ഒരു കെട്ടിടവും 2 മുറികൾ ഉള്ള കോൺക്രീറ്റ് ചെയ്ത ഒരു കെട്ടിടവും ചെറിയ ഒരു സ്റ്റോർറൂം ഉൾപ്പെടെയുള്ള ഒരു അടുക്കളയും 1 Adapted toilet ഉൾപ്പെടെ 5 ടോയ്ലറ്റുകളും 2 urinals -ം ഒരു ഓപ്പൺ സ്റ്റേജും ആണ് സ്കൂളിലെ നിലവിലുള്ള കെട്ടിടങ്ങൾ. 5 കമ്പ്യൂട്ടറുകളും 2 പ്രിന്ററുകളും ഒരു പ്രൊജക്ടറും കമ്പ്യൂട്ടർ ലാബിൽ സജ്ജമാക്കിയിട്ടുണ്ട്.

## അക്കാദമികം - നേട്ടങ്ങൾ

അദ്ധ്യാപകരുടെ എണ്ണം നിലവിലെ അവസ്ഥ

| വിഭാഗം | അദ്ധ്യാപകരുടെ എണ്ണം | സ്ഥിരം അദ്ധ്യാപകർ | താൽക്കാലിക നിയമനം |
|---|---|---|---|
| എൽ.പി | 4 | 0 | 3 4 |
| പ്രീ പ്രൈമറി | 1 | 1 | - |

2022-23 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം

| ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം | | |
|---|---|---|
| ക്ലാസ് | ആൺകുട്ടികൾ | പെൺകുട്ടികൾ |
| ഒന്ന് | 3 | 1 |
| രണ്ട് | - | 4 |
| മൂന്ന് | 2 | 4 |
| നാല് | - | 3 |
| പ്രീപ്രൈമറി | 3+1 | 4 |

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ- ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ➢ ഇംഗ്ലീഷ് പഠന പരിപോഷണം<br>➢ ഭാഷാശേഷീ വികസനം<br>➢ ലൈബ്രറി ശാക്തീകരണം<br>➢ രചനാ ശില്പശാല<br>➢ ഒറിഗാമി ശില്പശാല<br>➢ ദിനാചരണം<br>➢ ഗണിതശേഷി വികസനം<br>➢ പ്രതിഭാപോഷണപരിപാടി<br>➢ ജൈവവൈവിധ്യ പാർക്ക്<br>➢ ക്ലാസ് പി.ടി.എ സജീവമാക്കൽ<br>➢ പോഷകാഹാര പരിപാടി<br>➢ വർക്ക് ഷീറ്റ് നിർമ്മിക്കൽ | • പുതിയ മന്ദിരം<br>• കിഡ്സ് പാർക്ക്<br>• ഡൈനിംഗ് ഹാൾ<br>• ബയോഗ്യാസ് പ്ലാന്റ് | • പൂർവ്വ വിദ്യാർത്ഥി സംഗമം<br>• പ്രാദേശിക പി.റ്റി.എയോഗങ്ങ<br>• പഠനക്കൂട്ടങ്ങൾ<br>• രക്ഷിതാക്കൾക്ക് ഇ സാക്ഷരത<br>• പുസ്തക സമാഹരണം |

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ രണ്ട് ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കും | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | - - |

പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 1 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | - - |

പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തീയേറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക്ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ ഉദാ.skit, conversation, drama etc. | വാർഷിക പരിപാടി | എച്ച്.എം./ ഇംഗ്ലീഷ് അദ്ധ്യാപകൻ | 2000/- പി.ടി.എ |

പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ, കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - - |

പ്രവർത്തനം- 5

പ്രവർത്തനത്തിന്റെ പേര് : രചനാശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാസാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/കവിയരങ്ങ് രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉല്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ് മുറിയിലെ പഠന സാമഗ്രിയായി മേൽപറഞ്ഞ ഉല്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ടുമാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാ സാഹിത്യവേദി | 5000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം- 6

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പ്രാദേശികമായി എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായന/എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം പി.ടി.എ | 2000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം - 7

പ്രവർത്തനത്തിന്റെ പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ, പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം പി.ടി.എ ലൈബ്രറിയൻ | 2000/- സ്പോൺസർഷി |

പ്രവർത്തനം - 8

പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി | - - |

പ്രവർത്തനം - 9

പ്രവർത്തനത്തിന്റെ പേര് : ഒറിഗാമി ശില്പശാല

ഉപമേഖല : അക്കാദമികം/ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഒ.എസ്.എ | ഒ.എസ്.എ |

പ്രവർത്തനം - 10

പ്രവർത്തനത്തിന്റെ പേര് : ഗണിതലാബ് സജ്ജീകരിക്കൽ

മേഖല/ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി ഗണിത ക്ലബ്ബ് | -- |

പ്രവർത്തനം - 11

പ്രവർത്തനത്തിന്റെ പേര് : ഗണിതപാർക്ക്

മേഖല/ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000/- പി.ടി.എ |

പ്രവർത്തനം - 12

പ്രവർത്തനത്തിന്റെ പേര് : ഗണിതമേള

മേഖല/ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപഠനം | സ്കൂൾതല ഗണിത മേളകൾ സംഘടിപ്പിക്കുക ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000/- പി.ടി.എ |

പ്രവർത്തനം - 13

പ്രവർത്തനത്തിന്റെ പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ്.ആർ.ജി. എസ്.എസ്.ജി | 5000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം - 14

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രയാത്രകൾ

മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം | ശാസ്ത്രസമൂഹ കേന്ദ്രങ്ങൾ, ശാസ്ത്രപ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ്, പി.ടി.എ | 15000/- (ഒ.എസ്.എ) |

പ്രവർത്തനം - 15

പ്രവർത്തനത്തിന്റെ പേര് : മേളകൾ

മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000/- |

പ്രവർത്തനം - 16

പ്രവർത്തനത്തിന്റെ പേര് : ജൈവവൈവിധ്യപാർക്ക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്.ആർ.ജി | 25000/- എസ്.എസ്.എ |

പ്രവർത്തനം - 17

പ്രവർത്തനത്തിന്റെ പേര് : ക്ലാസ് പി.ടി.എ സജീവമാക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പി.ടി.എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതു ചർച്ച | പ്രതിമാസപരിപാടി | ക്ലാസ് ടീച്ചർ | - - |

പ്രവർത്തനം - 18

പ്രവർത്തനത്തിന്റെ പേര് : പോഷകാഹാര പരിപാടി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തമെന്ന് വെച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ എച്ച്.എം പി.ടി.എ | 50000/- |

പ്രവർത്തനം - 19

പ്രവർത്തനത്തിന്റെ പേര് : വർക്ക്ഷീറ്റ് നിർമ്മിക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാലസാഹിത്യമാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | വായിച്ചു കഴിഞ്ഞു ബാല സാഹിത്യ വാരികകളിലേയും, മാസികകളിലേയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിന്അനുയോജ്യമായ അടിക്കുറിപ്പ്, കവിത, കഥ, വിവരണം എന്നിവ എഴുതിച്ചേർത്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ | മാസത്തിൽ രണ്ടു പ്രാവശ്യം | എസ്.ആർ.ജി | 2000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം - 20

പ്രവർത്തനത്തിന്റെ പേര് : 50 കവികൾ 50 കവിതകൾ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കവികളെയും കൃതികളെയും പരിചയപ്പെടൽ | 100 കുട്ടികൾക്ക് 100 കവികളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവരവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും കവിയുടെ ലഘു ജീവചരിത്രവും തയ്യാറാക്കണം. പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കണം. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി | - - |

പ്രവർത്തനം - 27

പ്രവർത്തനത്തിന്റെ പേര് : പ്രാദേശിക പി.ടി.എ യോഗങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.എ യോഗങ്ങൾ ചേരൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി<br>എസ്.ആർ.ജി | 10,000/-<br>പി.ടി.എ |

പ്രവർത്തനം - 28

പ്രവർത്തനത്തിന്റെ പേര് : പഠനകൂട്ടങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| മികവുകളുടെ അവതരണം, പഠനം കാര്യക്ഷമമാക്കൽ | വിദ്യാർത്ഥികളെ മേഖലകളായി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപീകരിക്കണം. ഓരോ ടീമിലും ഒന്നു വീതം അര ദിവസം നീണ്ടുനിൽക്കുന്ന വിവിധ മികവുകളുടെ അവതരണവും രക്ഷിതാക്കൾക്കുവേണ്ടി സമകാലിക പ്രസക്തിയുള്ള വിഷയത്തിൽ ക്ലാസ് നടത്തൽ. അവധി ദിവസങ്ങളിൽ ക്ലാസ് ക്വിസ് സംഘടിപ്പിക്കൽ | ഓരോ ടീമിലും ഒന്നു വീതം മികവുകളുടെഅവതരണം, ആഴ്ചയിൽ ഒരു ദിവസം പഠനക്കൂട്ടം | എസ്.ആർ.ജി<br>പി.ടി.എ<br>എസ്.എസ്.ജി | 5000/-<br>സ്പോൺസർഷിപ്പ് |

പ്രവർത്തനം - 21

പ്രവർത്തനത്തിന്റെ പേര് : എംബ്ലപുരാണം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൊതുസ്ഥാപനങ്ങൾ വിവിധ പദ്ധതികൾ എന്നിവയുടെ പ്രവർത്തനം പരിചയപ്പെടൽ | നമ്മുടെ നാട്ടിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാരിന്റെ വിവിധ പദ്ധതികൾ എന്നിവയുടെ എംബ്ലം കുട്ടികൾ ശേഖരിക്കണം. ഓരോ എംബ്ലവും പ്രതിനിധാനം ചെയ്യുന്ന സ്ഥാപനം/ പദ്ധതി അഴയുടെ പ്രവർത്തനം എന്നിവ എംബ്ലത്തിന് താഴെയായി എഴുതി തയ്യാറാക്കണം. | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ എസ്.എസ്.ജി | - - |

പ്രവർത്തനം - 22

പ്രവർത്തനത്തിന്റെ പേര് : പുതിയ മന്ദിരം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യമൊരുക്കി അക്കാദമിക് പ്രവർത്തനം കാര്യക്ഷമമാക്കൽ | അഡ്മിനിസ്ട്രേറ്റീവ് കം അസംബ്ലിഹാൾ എന്ന പുതിയ മന്ദിരം മഴക്കാലത്തും സുഖപ്രദമായ അന്തരീക്ഷത്തിൽ അസംബ്ലി ചേരുവാൻ സാധിക്കണം | രണ്ടു വർഷം | പി.ടി.എ എൽ.എസ്. ജി.ഡി | 65 ലക്ഷം |

പ്രവർത്തനം - 23

പ്രവർത്തനത്തിന്റെ പേര് : കിഡ്സ് പാർക്ക്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാനമന്ദിരത്തിന് മുന്നിലമുമുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ, മുറ്റം ഉയരം കൂട്ടി ട്രെസ്സ് വർക്ക് ചെയ്യൽ | രണ്ടു വർഷം | പി.ടി.എ എൽ.എസ്. ജി.ഡി | 65 ലക്ഷം |

പ്രവർത്തനം - 24

പ്രവർത്തനത്തിന്റെ പേര് : ഡൈനിംഗ് ഹാൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം+ ആരോഗ്യം = പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | രണ്ടു വർഷം | പി.ടി.എ എൽ.എസ്. ജി.ഡി | 5 ലക്ഷം |

പ്രവർത്തനം - 25

പ്രവർത്തനത്തിന്റെ പേര് : ബയോഗ്യാസ് പ്ലാന്റ്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജ മാക്കി മാറ്റൽ | വിദ്യാലയത്തിലുണ്ടാകുന്ന ജൈവമാലിന്യം ബയോ ഗ്യാസ് പ്ലാന്റിൽ നിക്ഷേ പിച്ച് പാചകാവശ്യത്തി നുള്ള ഊർജ്ജം കണ്ടെ ത്തൽ | 6 മാസം | പി.ടി.എ ഉച്ചഭക്ഷണ കമ്മിറ്റി | 2 ലക്ഷം |

പ്രവർത്തനം - 26

പ്രവർത്തനത്തിന്റെ പേര് : പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ അവരുടെ മുന്നിൽ വിദ്യാലയ ത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എസ്.എസ്.ജി ഒ.എസ്.എ | 5000/- |

പ്രവർത്തനം - 29

പ്രവർത്തനത്തിന്റെ പേര് : രക്ഷിതാക്കൾക്ക് ഇ സാക്ഷരത (കമ്പ്യൂട്ടർ പരിശീലനം)

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സാമൂഹവുമായി പങ്കുവയ്ക്കൽ | വൈകുന്നേരങ്ങളിൽ/ അവധി ദിവസങ്ങളിൽ അമ്മമാർക്ക് കമ്പ്യൂട്ടർ പരിശീലനം | ആഴ്ചയിൽ ഒരു ദിവസം | എച്ച്.എം ഐ.ടി.എ സ്കൂൾ എസ്. ഐ.ടി.സി | - - |

പ്രവർത്തനം - 30

പ്രവർത്തനത്തിന്റെ പേര് : പുസ്തക സമാഹരണം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | അദ്ധ്യാപകരും കുട്ടികളും അടങ്ങുന്ന ചെറുസംഘം വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകളുമായി സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥശാലയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി | - - |

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്ക്കരിക്കപ്പെടുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

**മോണിട്ടറിംഗ് രീതി**

- സോഷ്യൽ മോണിട്ടറിംഗ് രീതി (പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി, എസ്.ആർ.ജി, ഒ.എസ്.എ) എന്നിവരെ ഉൾപ്പെടുത്തി നടപ്പിലാക്കണം.
- ദൈനംദിന മോണിട്ടറിംഗ് എച്ച്.എം, എസ്.ആർ.ജി കൺവീനർ പി.ടി.എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

## ഉപസംഹാരം

നവലിബറൽ സാമ്പത്തിക നയങ്ങൾ പൊതുയിടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്ക്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും, ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടേയും കടമയാണ് ഈ യഞ്ജ്ജത്തിൽ പങ്കാളിയാകുക എന്നുള്ളത്. നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃത്വവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.